ഇ. എം. എസ്. പാർപ്പിട പദ്ധതി

125 (6043) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇ.എം.എസ്. ഭവന പദ്ധതിക്കായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ; ഇതിനായി സർക്കാർ പിറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരം വായ്പകൾക്കായി വേണ്ടിവരുന്ന പലിശ സബ്സിഡിയായി നൽകുന്നതിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ;

(സി) ഈ ഇനത്തിൽ ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇ.എം.എസ്. ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നും പലിശ നിരക്ക് 10% ൽ അധികരിക്കാത്ത രീതിയിൽ 10 വർഷ തിരിച്ചടവ് കാലാവധിക്ക് വായ്പ എടുക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2009-10-ൽ അനുവദനീയമായ വികസനഫണ്ടിന്റെ ഒന്നര ഇരട്ടിയിൽ കവിയാത്ത തുകയാണ് ഇപ്രകാരം വായ്പയെടുക്കാവുന്നത്. വായ്പ തുക ഗഡുക്കളായിട്ടായിരിക്കും ബാങ്കുകൾ അനുവദിക്കുന്നത്. വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. വായ്പ തുക 2010-11 മുതൽ 2019-20 വരെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട വികസനഫണ്ടിന്റെ പൊതു വിഭാഗം വിഹിതത്തിൽ നിന്ന് കൺട്രോളിംഗ് ഓഫീസർമാർ ഉറവിടത്തിൽ വച്ചുതന്നെ കുറവുചെയ്യുന്ന രീതി അവലംബിച്ച്, കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകുന്നതാണ്. ഇതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇ.എം.എസ്. ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കി വരുന്നതേയുള്ളൂ. ആയത് പൂർത്തിയാക്കുന്ന മുറയ്ക്കുമാത്രമേ പലിശയിനത്തിൽ ആവശ്യമായി വരുന്ന തുക കണക്കാക്കുവാൻ കഴിയൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly